പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1523 — 16/03/2015-ൽ മറുപടിയ്ക്ക്

**കർഷക ക്ഷേമ പെൻഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കർഷക ക്ഷേമ പെൻഷന്റെ പരിധിയിൽ സംസ്ഥാനത്ത് എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; 600 രൂപയാക്കി ഉയർത്തിയതിനുശേഷം എത്ര തുക പെൻഷനായി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പെൻഷൻ കടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | എ) നിലവിൽ 330599 പേരാണ് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br>600/- രൂപയാക്കി ഉയർത്തിയതിന് ശേഷം 107.22 കോടി രൂപ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്.<br>വിവിധ ജില്ലകളിൽ നാളിതുവരെ 210.53 കോടി രൂപ വിവിധ കാലയളവുകളിലായി പെൻഷൻ കടിശ്ശിക നിലവിലുണ്ട്. ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**